**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5129** **14-03-2023 - ൽ മറുപടിയ്ക്ക്**

**സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാന സാക്ഷരതാമിഷന്റെ ഭരണ സമിതികളായ ജനറൽ കൗൺസിലും എക്സിക്യൂട്ടീവ് കമ്മിറ്റിയും കാലാകാലങ്ങളിൽ യോഗം ചേർന്ന് സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് സാക്ഷരതാ മിഷൻ സാക്ഷരതാ പ്രവർത്തനങ്ങളോടൊപ്പം സാമൂഹ്യ ബോധവൽക്കരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | കേരള സംസ്ഥാന സാക്ഷരതാമിഷൻഅതോറിറ്റി നടപ്പിലാക്കിവരുന്ന പദ്ധതികളോടൊപ്പം സാമൂഹ്യ ബോധവൽക്കരണത്തിനായി സാമൂഹ്യ സാക്ഷരതാ പരിപാടികളെന്ന നിലയിൽ പരിസ്ഥിതിസാക്ഷരതാ പരിപാടി, ഭരണഘടനാ സാക്ഷരതാ എന്നീ സാമൂഹ്യ സാക്ഷരതാ പരിപാടികൾ സാക്ഷരതാമിഷൻ സംഘടിപ്പിക്കുക യുണ്ടായി. പ്രസ്തുത പരിപാടികളുടെ തുടർഘട്ടങ്ങളും നടപ്പിലാക്കി. ഇപ്പോൾ സാമൂഹ്യ സാക്ഷരതാ പരിപാടിയുടെ ഭാഗമായി ജൻഡർസാക്ഷരത, പൗരധ്വനി എന്നീ സാമൂഹ്യസാക്ഷരതാ പരിപാടികൾ കൂടി സാക്ഷരതാമിഷൻ ഏറ്റെടുത്ത് നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് വരികയാണ്. |
| (സി) | ലിംഗസമത്വ ബോധന പരിപാടികളുടെ ഭാഗമായി സാക്ഷരതാ മിഷൻ എന്തൊക്കെ പരിപാടികളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ? | (സി) | കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ സാമൂഹ്യ സാക്ഷരതാ പദ്ധതിയിൽ ഉൾപ്പെടുത്തി ജൻഡർസാക്ഷരതാ പദ്ധതി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സാക്ഷരതാ-തുല്യതാ പഠിതാക്കൾക്കും പ്രേരക്മാർക്കും തുല്യതാ അദ്ധ്യാപകർക്കുമിടയിൽ ജൻഡർ ബോധവൽക്കരണം, സാക്ഷരതാ മിഷന്റെ മുഴുവൻ പദ്ധതികളിലും ലിംഗ സമത്വം ഉറപ്പുവരുത്തുക, സാക്ഷരതാ തുല്യതാ പഠിതാക്കളിലൂടെയും പ്രേരക്മാരിലൂടെയും തുല്യതാ അദ്ധ്യാപകരിലൂടെയും ജൻഡർ അവബോധം സമൂഹത്തിന്റെ അടിത്തട്ടിലെത്തിക്കുക എന്നിവയാണ് പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | ലക്ഷ്യം. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേക്കായി എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ കൈപ്പുസ്തകം തയ്യാറാക്കി വരുന്നു. ഓരോ കുടുംബത്തിലേക്കും, വ്യക്തിയിലേക്കും സമത്വത്തിന്റെ ആശയം എത്തിക്കുക എന്ന ലക്ഷ്യത്തോടെ സാംസ്കാരിക കാര്യവകുപ്പ് നടപ്പാക്കുന്ന സമം പദ്ധതിയിലും കേരള സംസ്ഥാനസാക്ഷരതാമിഷൻ അതോറിറ്റിയുടെ പങ്കാളിത്തം ഉണ്ട്. |

സെക്ഷൻ ഓഫീസർ